# Vice President of India visited the UAE to convey condolences on passing away of HH Sheikh Khalifa bin Zayed Al Nahyan

May 15, 2022

**ശൈഖ് ഖലീഫ ബിൻ സായിദ് അൽ നഹ്യാന്റെ നിര്യാണത്തിൽ അനുശോചനം അറിയിക്കാൻ ഇന്ത്യൻ വൈസ് പ്രസിഡന്റ് യുഎഇ സന്ദർശിച്ചു.**

മെയ് 15, 2022

ഉപരാഷ്ട്രപതി ശ്രീ എം. വെങ്കയ്യ നായിഡു 2022 മേയ് 15-ന് യുഎഇ സന്ദർശിച്ചു, യുഎഇയുടെ മുൻ പ്രസിഡന്റും അബുദാബി ഭരണാധികാരിയുമായ ശൈഖ് ഖലീഫ ബിൻ സായിദ് അൽ നഹ്യാന്റെ ദു:ഖകരമായ വിയോഗത്തിൽ ഇന്ത്യാ ഗവൺമെന്റിനെ പ്രതിനിധീകരിച്ച് യുഎഇ നേതൃത്വത്തിന് അനുശോചനം രേഖപ്പെടുത്തി.

ഇന്ന് ഉച്ചയോടെ അബുദാബിയിൽ വിമാനമിറങ്ങിയ വൈസ് പ്രസിഡന്റ് നേരെ മുഷ്‌രിഫ് കൊട്ടാരത്തിലെത്തി യുഎഇയുടെ പുതുതായി തിരഞ്ഞെടുക്കപ്പെട്ട പ്രസിഡന്റായ ബഹുമാന്യനായ ഷെയ്ഖ് മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാനെയും രാജകുടുംബത്തെയും യുഎഇയിലെ മുഴുവൻ നേതൃത്വത്തെയും അനുശോചനം അറിയിച്ചു.

രാഷ്ട്രപതി ശ്രീ രാം നാഥ് കോവിന്ദിന്റെയും പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയുടെയും അനുശോചനം അറിയിച്ച ഉപരാഷ്ട്രപതി, ഈ ദുഷ്കരമായ സമയത്ത് ഇന്ത്യയും അവിടുത്തെ ജനങ്ങളും യുഎഇയ്‌ക്കൊപ്പം നിൽക്കുന്നുവെന്ന് ആവർത്തിച്ചു.

ഷെയ്ഖ് ഖലീഫ ബിൻ സായിദ് അൽ നഹ്യാന്റെ നേതൃത്വത്തിൽ ഇന്ത്യ-യുഎഇ ബന്ധം ഇരു രാജ്യങ്ങളിലെയും ജനങ്ങളുടെ പരസ്പര പ്രയോജനത്തിനായി വളരെയധികം അഭിവൃദ്ധിപ്പെട്ടുവെന്നും അദ്ദേഹത്തായ വളരെയധിക ബഹുമാനിച്ചിരുന്ന .യുഎഇയിലെ വലിയ തോതിലുള്ള ഇന്ത്യൻ സമൂഹത്തിന്, ഷെയ്ഖ് ഖലീഫ അസാധാരണമായ ശ്രദ്ധ ചെലുത്തിയെന്നും വൈസ് പ്രസിഡന്റ് സ്നേഹപൂർവ്വം അനുസ്മരിച്ചു.

നേരത്തെ, ഇന്ത്യയുടെ അനുശോചനം അറിയിക്കാൻ വിദേശകാര്യ മന്ത്രി ഡോ. എസ് ജയശങ്കർ 2022 മെയ് 14 ന് ന്യൂഡൽഹിയിലെ യു എ ഇ എംബസി സന്ദർശിച്ചിരുന്നു. ഇന്ത്യയും 2022 മെയ് 14 ന് ദേശീയ ദുഃഖാചരണം ആചരിച്ചു.

യുഎഇയുടെ മൂന്നാമത്തെ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട ബഹുമാന്യനായ ഷെയ്ഖ് മുഹമ്മദിനും ഉപരാഷ്ട്രപതി ആശംസകൾ അറിയിച്ചു. അദ്ദേഹത്തിന്റെ പരിചരണത്തിലും നേതൃത്വത്തിലും ഇരു രാജ്യങ്ങളും തങ്ങളുടെ ചരിത്രപരവും

സമഗ്രവുമായ തന്ത്രപരമായ ബന്ധം പുതിയതും വ്യത്യസ്തവുമായ മേഖലകളിൽ മുന്നോട്ട് കൊണ്ടുപോകുമെന്ന് ഉപരാഷ്ട്രപതി പ്രത്യാശ പ്രകടിപ്പിച്ചു

യുഎഇയിലെ ഇന്ത്യൻ അംബാസഡർ, ഉപരാഷ്ട്രപതിയുടെ സെക്രട്ടറി, ജോയിന്റ് സെക്രട്ടറി (ഗൾഫ്) എന്നിവരും ഇന്ത്യാ ഗവൺമെന്റിന്റെ മറ്റ് മുതിർന്ന ഉദ്യോഗസ്ഥരും വൈസ് പ്രസിഡന്റിനെ അനുഗമിച്ചു.

അബുദാബി
മെയ് **15, 2022**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.